**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഹരിത രശ്മി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ ഹരിത രശ്മി പദ്ധതിയുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ പദ്ധതി നടപ്പിലാക്കി വരികയാണ്. സമയബന്ധിതമായി വിവിധ തലങ്ങളിൽ പുരോഗതി വിശകലനം ചെയ്തുവരുന്നു. |
| (ബി) | പട്ടിക വർഗ്ഗക്കാരുടെ ഭക്ഷണരീതികൾക്കനുസൃതമായ വിളകൾ കൃഷി ചെയ്യുന്നതിന്പ്രസ്തുത പദ്ധതി പ്രാമുഖ്യം നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പദ്ധതി ഗുണഭോക്താക്കളുടെ അഭിരുചിയും താല്പര്യവും മണ്ണിന്റെ ഘടനയും കണക്കിലെടുത്താണ് വിളകളും കൃഷി രീതികളും തീരുമാനിച്ചിരിക്കുന്നത്. |
| (സി) | ശാസ്ത്രീയമായ കൃഷിരീതികൾ പട്ടിക വർഗ്ഗക്കാരെ പരിശീലിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി വരുന്നു. കൂടാതെ സംഘം പ്രതിനിധികൾക്ക് നേതൃപരിശീലനവും നൽകിവരുന്നു. |
| (ഡി) | ഹരിത രശ്മി പദ്ധതി പ്രകാരം കർഷക സംഘങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പട്ടിക വർഗ്ഗക്കാരുടെ പാരമ്പര്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ഹരിത രശ്മി. പ്രസ്തുത പദ്ധതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് 'നിറവല്ലം' പദ്ധതി. ടി പദ്ധതി പ്രകാരം കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണം.<br>2. പരിശീലന പരിപാടികൾ (നടീൽ പരിശീലനം, വിള പരിപാലനത്തിനുള്ള പരിശീലനം, ലീഡർഷിപ്പ് പരിശീലനം)<br>3. കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വിപണി ഉറപ്പിക്കുന്നതിന് സൗകര്യം ഒരുക്കൽ |

| | | | |
|---|---|---|---|
| | | | 4. കാർഷിക ഉപകരണങ്ങളുടെ വിതരണം<br>5. സോളാർ ഫെൻസിംഗ്<br>6. പച്ചക്കറിത്തൈകൾ വിതരണം<br>7. ഔഷധ സസ്യ വിതരണം<br>8. മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വിളകൾ തെരഞ്ഞെടുക്കൽ |

സെക്ഷൻ ഓഫീസർ